# പതിമൂന്നാം കേരളനിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1836 — 25.03.2013 ന് മറുപടിയ്ക്ക്.

## പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; പ്രസ്തുത സ്ഥാപനങ്ങളിൽ ലാഭകരമായി പ്രവർത്തിക്കുന്നവ ഏതെല്ലാമണ്; | **(എ)** കേരളാ വനം വികസന കോർപ്പറേഷൻ, കേരളാ സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്നിവയാണ് വനം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ. ഇതിൽ കേരളാ വനം വികസന കോർപ്പറേഷൻ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. |
| (ബി)നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ കടം എത്ര രൂപയാണെന്ന് കണക്കാക്കി-യിട്ടുണ്ടോ; എങ്കിൽ എത്ര രൂപ നഷ്ടമുണ്ടെന്ന് സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ;<br><br>(സി)പ്രസ്തുത സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിപ്പിക്കുന്ന-തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ആയത് എന്നത്തേയ്ക്ക് പ്രാവർത്തികമാക്കുമെന്ന് അറിയിക്കുമോ? | **(ബി)യും (സി)യും -**<br>കേരളാ സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നതു മൂലം 31.01.2009-ലെ ജി.ഒ(എം.എസ്) 05/2009/വനം എന്ന സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥാപനം അടച്ചു പൂട്ടാൻ ഉത്തരവായിട്ടുള്ളതാണ്. കണ്ടിജൻസി ഫണ്ടിൽ നിന്ന് ഒരു കോടി രൂപ പിൻവലിച്ച്, കമ്പനി ജീവനക്കാർക്ക് വി.ആർ.എസ്. ആനുകൂല്യങ്ങൾ നല്കിയിട്ടുണ്ട്. ഈ തുക കഴിച്ച് ബാക്കി ഏകദേശം 2332 ലക്ഷം രൂപ കടബാദ്ധ്യത നിലവിലുണ്ട്. കമ്പനി അടച്ചു പൂട്ടിയ സാഹചര്യത്തിൽ കുടിശ്ശികയായിട്ടുള്ള വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി ഓഡിറ്റിന് വിധേയമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ.